# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3632** — **20/06/2019-ൽ മറുപടിക്ക്**

## കേരളത്തിലെ നിപ ബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, വി.എസ്.ശിവകുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, സണ്ണി ജോസഫ് | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | ഈ വർഷം സംസ്ഥാനത്ത് ആർക്കാണ് നിപ ബാധിച്ചതായി റിപ്പോർട്ട് ചെയ്തതെന്നും ആയത് എപ്പോഴാണെന്നും വ്യക്തമാക്കാമോ; | എ) | എറണാകുളം പറവൂർ സ്വദേശിയായ 23 വയസ്സുള്ള പോളിടെക്നിക് എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കാണ് നിപ ബാധ സ്ഥിരീകരിച്ചത്. 2019 ജൂൺ 4-ാം തീയതിയാണ് സ്ഥിരീകരിച്ചത്. |
| ബി) | പ്രസ്തുത രോഗിയുടെ സ്രവം പൂനെ ഇൻസ്റ്റിട്യൂട്ടിലേക്ക് അയച്ചത് ഏത് തീയതിയിലാണെന്നും ഇതിന്റെ റിപ്പോർട്ട് ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ ; | ബി) | 3/6/2019 -നാണ് രോഗിയുടെ സ്രവം പൂനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേയ്ക്ക് അയച്ചത്. 4/6/2019-ന് രാവിലെയാണ് സ്ഥിരീകരണം ലഭിച്ചത്. |
| സി) | 2018 - ന ശേഷം നിപ ബാധ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിന് ലോകാരോഗ്യ സംഘടനയുടെ സേവനം അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) | ലോകാരോഗ്യ സംഘടനയുടെ കേരളത്തിലെ സർവേയലൻസ് ടീം രോഗ നിരീക്ഷണത്തിനായി ഏർപ്പെട്ടിരുന്നു. NCDC, NIE Chennai, ICMR, AIIMS, കേന്ദ്ര സംഘം, ഭോപ്പാൽ, ബാംഗ്ലൂർ ലാബുകളിലെയും മൃഗസംരക്ഷണ വകുപ്പിലെയും ഉദ്യോഗസ്ഥർ എന്നിവർ ഇതുമായി ബന്ധപ്പെട്ട് സഹകരിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**